# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *317** 20/06/2019-ൽ മറുപടിയ്ക്ക്

## നിപ വൈറസ് ബാധയുടെ ഉറവിടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം. ജോൺ**<br>,, **വി.എസ്.ശിവകുമാർ**<br>,, **തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>,, **പി.ടി. തോമസ്** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) 2018 മേയ് മാസത്തിൽ ഉണ്ടായ നിപ വൈറസ് ബാധയുടെ ഉറവിടം കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) നിപ വൈറസ് ബാധയുടെ ഉറവിടം കണ്ടെത്തുന്നതിനായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്(ICMR) നിയോഗിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV)വിദഗ്ധർ നിപയുടെ പ്രൈമറി വാഹകരായ പഴം തീനി വവ്വാലുകളെ (Pteropus) പരിശോധിക്കുകയും 22 ശതമാനത്തോളം വവ്വാലുകളിലും വൈറസ് ബാധ കണ്ടെത്തുകയും അതിൽ നിന്നാണ് മനുഷ്യരിലേക്ക് വൈറസ് പടർന്നതെന്നുള്ള നിഗമനത്തിൽ എത്തിച്ചേരുകയും ഉണ്ടായി. |
| ബി) സംസ്ഥാനത്ത് നിപ വൈറസ് ബാധ സ്ഥിരീകരിച്ച് ഒരു വർഷത്തിന് ശേഷം വീണ്ടും എറണാകുളം ജില്ലയിലെ ഒരു വിദ്യാർത്ഥിക്ക് നിപ വൈറസ് ബാധിച്ചുവെന്നുള്ളത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | ബി) ആരോഗ്യവകുപ്പ് അത്യന്തം ഗൗരവത്തോടെയാണ് നിപരോഗം വീണ്ടും റിപ്പോർട്ട് ചെയ്തതിനെ കാണുന്നത്. നിപരോഗബാധ സംശയം ഉണ്ടായ ഉടൻ തന്നെ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഉന്നത ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ച് അവിടെ ക്യാമ്പ് ചെയ്ത് രോഗനിരീക്ഷണം, പ്രതിരോധം, നിയന്ത്രണം തുടങ്ങിയവയ്ക്കായി അടിയന്തര നടപടികൾ സ്വീകരിച്ചു. നിപയുമായി ബന്ധപ്പെട്ട വിവിധ നടപടികൾക്കായി പന്ത്രണ്ട് ടീമുകളെ നിയോഗിച്ച് പ്രവർത്തനം ഊർജ്ജിതമാക്കി. എറണാകുളം ജില്ല കൂടാതെ തൃശ്ശൂർ, ആലപ്പുഴ, കൊല്ലം, കോട്ടയം, മലപ്പുറം, പാലക്കാട്, വയനാട് ജില്ലകളിലും നിരീക്ഷണം നടത്തുകയും വിദഗ്ധ ഏജൻസികളുടെ സേവനം തേടുകയും ചെയ്തു. രോഗിയുമായി സമ്പർക്കമുണ്ടായ 330 പേരെ നിരീക്ഷണത്തിലാക്കി. എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജ് |

ആശുപത്രിയിൽ 30 ബെഡ്ഡുള്ള പ്രത്യേക ഐസൊലേഷൻ യൂണിറ്റ് സജ്ജീകരിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും, കാൾസെന്ററും സജ്ജീകരിച്ചു. വവ്വാലുകളെ പിടികൂടി പരിശോധനയ്ക്കയച്ച് പ്രവർത്തന പുരോഗതി വിവിധ തലങ്ങളിൽ നടത്തിവരുന്നു.

| | | | |
|---|---|---|---|
| **സി)** | 2018 മേയ് മാസത്തിൽ ഉണ്ടായ നിപ വൈറസ് ബാധയുടെ ഉറവിടം സംബന്ധിച്ച് പഠനം നടത്താൻ ഏതെങ്കിലും അന്താരാഷ്ട്ര ഏജൻസിയുടെ സഹായം അഭ്യർത്ഥിച്ചിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | **സി)** | നിപ വൈറസ് ബാധയുടെ ഉറവിടം സംബന്ധിച്ച് പഠനം നടത്താൻ ആരോഗ്യ വകുപ്പ് അന്താരാഷ്ട്ര ഏജൻസിയുടെ സഹായം അഭ്യർത്ഥിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**